Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

യോഗം അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ പ്രാരംഭ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമുള്ളതായി കരുതുന്നില്ല.

**ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ**

32 (4491) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് ലഭിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപയായി കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പെൻഷൻ കാരുടെ നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജൂൺ മുതൽ പ്രതിമാസം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 1,000 രൂപയായും ഏപ്രിൽ 2017 മുതൽ പ്രതിമാസം 1,100 രൂപയായും ഉയർത്തുക യുണ്ടായി. എന്നാൽ നിലവിൽ സർക്കാർ ധനസഹായത്തോടെ നൽകുന്ന ക്ഷേമനിധി പെൻഷനും ഒന്നോ അതിലധികമോ സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങിവന്നിരുന്നവർക്ക് രണ്ട് പെൻഷൻ വാങ്ങാമെന്നും ഇതിൽ ക്ഷേമനിധി പെൻഷൻ ഉയർത്തിയ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഉയർത്തുന്നതിന് മുമ്പുള്ള പ്രതിമാസം 600 രൂപ നിരക്കിലും തുടർന്നും ലഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അംഗപരിമിത പെൻഷൻ വാങ്ങുന്ന വർക്ക് ഉയർത്തിയ നിരക്കിൽ മറ്റൊരു പെൻഷനും കൂടി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ളവർക്ക് ക്ഷേമനിധി പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിൽ ലഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**എലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

33 (4492) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?